
# ഒരു ജൂതപണ്ഡിതൻ ഇസ്‌ലാമിനെ വായിക്കുന്നു



പ്രമുഖ അമേരിക്കൻ ഇന്റർ ഫെയ്ത്ത് ആക്ടിവിസ്റ്റും ജൂതപണ്ഡിതനുമായ ലീ വെയ്സ്മാൻ കഴിഞ്ഞ 25 വർഷമായി ജൂതമത പ്രബോധന രംഗത്തുണ്ട്. തമിഴ്നാടിൽ നിന്ന് സൗത്തേഷ്യൻ സ്റ്റഡീസിൽ പി.എച്ച്.ഡി ചെയ്ത അദ്ദേഹം ഗവേഷണ കാലയളവിൽ കേരളം സന്ദർശിക്കുകയും കേരളത്തെ അടുത്തറിയുകയും ചെയ്ത ആളുകൂടിയാണ്. മുജീബ് ജൈഹൂൻ അദ്ദേഹവുമായി നടത്തിയ ഓൺലൈൻ സംഭാഷണത്തിൽ ഇസ്‌ലാം-ജൂതമതം സഹകരണ സാധ്യതകൾ, ഇസ്‌ലാമിലെ ആത്മീയത, ദേശീയത, മലബാറിലെ മുസ്‌ലിംകൾ തുടങ്ങിയ വിവിധങ്ങളായ വിഷയങ്ങളിലുള്ള അഭിപ്രായ പ്രകടനങ്ങൾ നടത്തുന്നു

**ലീ വെയ്സ്മാൻ /മുജീബ് ജൈഹൂൻ**
**വിവ. മുഹമ്മദ് ശാക്കിർ മണിയറ**

**ജൈഹൂൻ:** ലോകത്തെ രണ്ടു മഹത്തായ വിശ്വാസധാരകളായ ഇസ്‌ലാമും ജൂതായിസവും തമ്മിലുള്ള ചരിത്രപരവും ആത്മീയപരവുമായ ബന്ധങ്ങളാണ് ചർച്ച ചെയ്യാനാഗ്രഹിക്കുന്നത്. ഉദാഹരണത്തിന് വിശുദ്ധ ഖുർആനിൽ ഏറ്റവും കൂടുതൽ പരാമർശിക്കപ്പെട്ടത് പ്രവാചകൻ മൂസാ നബിയുടെ നാമമാണ്. മുഹമ്മദ് നബിയുടെ മദീനയിലെ ജീവിതം ജൂതന്മാരുമായി അടുത്ത ബന്ധം പുലർത്തുന്നതു കൂടിയായായിരുന്നല്ലോ?

**വെയ്സ്മാൻ:** സത്യത്തിൽ ഈ വിഷയത്തിലുള്ള താത്പര്യം എന്റെ കേരള സന്ദർശനവുമായി ബന്ധപ്പെട്ടുകിടക്കുന്നതാണ്. വർഷങ്ങൾക്കു മുമ്പ് ഒരു അവധി ദിനത്തിൽ കൊച്ചിയിലെ ഒരു ജൂതകുടുംബത്തിൽ താമസിക്കുന്ന കാലത്ത് ക്രിസ്ത്യൻ, ഹിന്ദു, മുസ്‌ലിം കുടുംബങ്ങളായിരുന്നു മധുരപലഹാരങ്ങളുമായി ഞങ്ങളെ സ്വീകരിച്ചത്. അമേരിക്കയിലൊക്കെയുള്ളതുപോലെ ഒരുമിച്ചു ജീവിക്കുക എന്നതിനപ്പുറത്തുള്ള ചില ഏകോപനങ്ങളുടെ സാധ്യത ഞാൻ മനസ്സിലാക്കിയത് അന്നായിരുന്നു. എന്റെ ജീവിതത്തിൽ ഇരുമതക്കാർക്കിടയിലും അർഥപൂർണമായ പല സംയോജനശ്രമങ്ങളും നടത്തിയിട്ടുണ്ട്. നമുക്കിടയിൽ പൊതുവായ പല കാര്യങ്ങളും കാണാം. പ്രധാനമായി ലോകം അറിഞ്ഞിരിക്കേണ്ട പല ധാർമിക സദാചാര മൂല്യങ്ങൾ നമുക്കിടയിലുണ്ട്. നിലവിൽ ജൂതന്മാരും മുസ്‌ലിംകളും അനാവശ്യ വിദ്വേഷം പുലർത്തി നിരന്തര സംഘട്ടനങ്ങളിലേർപ്പെടുമ്പോൾ മുഴുവൻ ലോകത്തോടും ധാർമികതയെ കുറിച്ച് സംസാരിക്കാനുള്ള നമ്മുടെ യോഗ്യതയെ ഇല്ലായ്മ ചെയ്യുകയാണത്.

**ജൈഹൂൻ:** ക്രിസ്ത്യാനികൾ സ്പെയിൻ കീഴടക്കിയപ്പോൾ അവിടുത്തെ ന്യൂനപക്ഷമായ ജൂതന്മാർ തുടർജീവിതം നയിക്കാൻ തെരഞ്ഞെടുത്തത് മുസ്‌ലിം രാഷ്ട്രങ്ങളായിരുന്നു. അതിനുപുറമേ, അവർ തമ്മിൽ സാമ്പത്തികമായും ചിലപ്പോൾ രാഷ്ട്രീയമായിപ്പോലുമുള്ള സഹകരണങ്ങൾ ഉണ്ടായിരുന്നു. പുതിയകാലത്ത് ജൂത മുസ്‌ലിം സഹകരണങ്ങൾ ഏതൊക്കെ മേഖലകളിൽ സാധ്യമാവുമെന്നാണ് നിങ്ങൾ കരുതുന്നത്?

**വെയ്സ്മാൻ:** ക്രിസ്ത്യൻ ലോകത്തുവെച്ച് ലഭിക്കാത്ത നിയമ സംരക്ഷണങ്ങൾ ജൂതസമൂഹത്തിന് ലഭിച്ചത് ആദ്യമായി മുസ്‌ലിം രാഷ്ട്രങ്ങളിൽ നിന്നായിരുന്നുവെന്നത് ഒരു ചരിത്രസത്യമാണ്. അതിന്നർഥം അവിടെ തീരെ പ്രശ്നങ്ങൾ ഉണ്ടായിരുന്നില്ല എന്നല്ല. സ്വാഭാവികമായും ചില അധികാരികളുടെ ചില നയങ്ങളുടെ ഭാഗമായി നികുതിയുടെ വിഷയത്തിലും മറ്റും ഭിന്നസ്വരങ്ങളായിരുന്നു ചിലപ്പോൾ. ഒരുപാടു വിഷയങ്ങൾ ഇവിടെ സംസാരിക്കേണ്ടതായി ഉണ്ടെന്നു തോന്നുന്നു. അമേരിക്ക പോലെയുള്ള, നമ്മൾ രണ്ടു വിഭാഗക്കാരും ന്യൂനപക്ഷമായ സ്ഥലങ്ങളിൽ എന്തു കടമയാണ് നമുക്കുള്ളത്, എന്തൊക്കെ നമുക്ക് ചെയ്യാൻ കഴിയും, അമേരിക്കക്ക് നമ്മിൽ നിന്നും നമുക്ക് അമേരിക്കയിൽ നിന്നും എന്തൊക്കെ പഠിക്കാനുണ്ട് എന്നതാണ് ഒരു വിഷയം. മറ്റൊന്ന്, ഒരു മുസ്‌ലിം രാഷ്ട്രത്തിൽ ഒരു ജൂതനായി ജീവിക്കുക എന്ന വിഷയമാണ്. ലോകത്ത് ഇന്നും ഒത്തിരി ജൂത സമൂഹങ്ങൾ മുസ്‌ലിം രാഷ്ട്രങ്ങളിൽ അധിവസിക്കുന്നവരായുണ്ട്. മൊറോക്കോയിൽ വലിയൊരു വിഭാഗവും തുർക്കിയിൽ ചെറിയ രീതിയിലും ഇറാനിൽ രണ്ടാമത് വലിയ വിഭാഗമായും ഇന്ന് ജൂത സമൂഹമുണ്ട്. ഇന്ന് യു.എ.ഇയിലും വളർന്നു വരുന്ന ഒരു ജൂതസമൂഹത്തെ കാണാം. ഏതുരീതിയിലുള്ള പാരസ്പര്യം ഇതിലൂടെ വളർത്തിയെടുക്കാമെന്നാണ് നാം ആലോചിക്കേണ്ടത്. മൊറോക്കോയുടെ ഉദാഹരണം തന്നെ വളരെ അത്ഭുതകരമാണ്. വർഷങ്ങൾക്കു മുമ്പ് ഞാനവിടെ ഉണ്ടായിരുന്ന സമയത്ത് കണ്ട കാഴ്ചകൾ അമ്പരപ്പിക്കുന്നതായിരുന്നു. എല്ലാ വിധ ജൂതസമൂഹങ്ങളും തീർഥയാത്ര നടത്തുന്ന അവിടുത്തെ ജൂതന്മാർ മൊറോക്കോ രാജാവിനു വേണ്ടി പ്രാർഥന നടത്തുന്ന മനോഹരമായ കാഴ്ചയായിരുന്നു എന്നെ ഏറെ അത്ഭുതപ്പെടുത്തിയത്.

മറ്റൊന്ന് വിശുദ്ധ നഗരമായ ജറൂസലമിന്റെ കാര്യത്തിലെ മുസ്‌ലിം ജൂത പ്രാതിനിധ്യമാണ്. ഏറെ സങ്കീർണവും പ്രശ്നകലുഷിതവുമായ ഒരു വിഷയം കൂടിയാണത്. എങ്കിലും, ഏതെങ്കിലുമൊരു നാൾ നമ്മൾ പരസ്പരം ബന്ധം സ്ഥാപിക്കാനും പ്രശ്നങ്ങൾ ചർച്ച ചെയ്യാനും സാധിക്കുമെന്നു തന്നെയാണ് എന്റെ വിശ്വാസം. നമ്മളിപ്പോഴും പരസ്പര ബന്ധമില്ലാതെ ചർച്ച ചെയ്യുക മാത്രമാണ്. ഇത്രയും സെൻസിറ്റീവായ ഒരു വിഷയം ചർച്ച ചെയ്യണമെങ്കിൽ ആദ്യം പരസ്പരം അറിയാനും മനസ്സിലാക്കാനും സാധിക്കണം. പ്രതിപക്ഷത്തെ മനസ്സിലാക്കാതെയും സഹാനുഭൂതിയില്ലാതെയുമുള്ള ചർച്ചകളും സംസാരങ്ങളും വ്യഥാവിലായി മാത്രമേ പര്യവസാനിക്കൂ എന്നതാണ് സത്യം.

**ജൈഹൂൻ:** മുസ്‌ലിം-ജൂത ബന്ധങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ, ആദ്യമായി മനസ്സിൽ കടന്നുവരുന്നത് ഇരുപതാം നൂറ്റാണ്ടിനു മുമ്പും ശേഷവുമുള്ള അതിന്റെ അവസ്ഥാന്തരങ്ങളാണ്. ഇരുപതാം നൂറ്റാണ്ടിൽ, എല്ലാ സമുദായങ്ങളിലും ദേശീയതയെന്ന വികാരത്തിന്റെ ഭീകരമായ ഒരു വളർച്ച നമ്മളൊക്കെ കണ്ടതായിരുന്നു. അതിന് ലോകവ്യാപകമായുള്ള അന്തർസമുദായ ബന്ധത്തിൽ വ്യക്തമായ സ്വാധീനവുമുണ്ട്. മൂന്നുതരം ദേശീയതകൾ ഒരേസമയം, അല്ലെങ്കിൽ ചുരുങ്ങിയ സമയത്തിനുള്ളിൽ ഇക്കാലത്ത് രൂപപ്പെട്ടതായി കാണാം. ജൂതന്മാർക്ക് ഒരു സ്വതന്ത്ര ഭൂമിയെന്ന ആവശ്യമുന്നയിച്ച് യൂറോപ്പിൽ നിന്ന് ഉദയംചെയ്ത സയണിസ്റ്റ് പ്രസ്ഥാനവും, ജൂതവിമുക്തമായ ജർമൻ ആശയം വിഭാവനം ചെയ്ത ഹിറ്റ്ലറുടെ ജർമൻ ദേശീയതയും ഇസ്‌ലാമിക ഖിലാഫത്തിന്റെ അവസാനകാലത്ത് രൂപംകൊണ്ട അറബ് ദേശീയതയുമാണ് അവ. സത്യത്തിൽ ഇത്തരം ദേശീയ സങ്കൽപങ്ങൾ നമ്മുടെ മതകീയ മൂല്യങ്ങളെപ്പോലും ഹൈജാക്ക് ചെയ്യുകയായിരുന്നില്ലേ? അല്ലാമാ ഇഖ്ബാലൊക്കെ ദേശീയതയെ പരിചയപ്പെടുത്തിയത് മനുഷ്യകുലത്തിന് ശാപമെന്നായിരുന്നു.

**വെയ്സ്മാൻ:** ഒരു മതാനുയായി എന്ന നിലയ്ക്കും ഒരു മുൻ ഹൈസ്കൂൾ ഹിസ്റ്റ

ജൂതമത ട്രെയിനിംഗുകളുടെ ഭാഗമായി മതനിയമങ്ങൾ പലപ്പോഴും ആഴത്തിൽ പഠിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഇമാം ശാഫിയിൽ തർക്കശാസ്ത്രത്തിന്റെയും നിയമത്തിന്റെയും ആഴങ്ങളറിഞ്ഞ ഒരാളെ കാണാവുന്നതാണ്. എനിക്കു വല്ലതും നേടാനില്ലെന്ന് തോന്നുന്ന ഒരാളോടും ഞാൻ സംവാദത്തിന് മുതിരാറില്ല എന്ന അദ്ദേഹത്തിന്റെ വാക്കുകൾ പ്രസിദ്ധമാണ്. തസ്വവ്വുഫിലെ എന്റെ താത്പര്യമാണ് ഇമാം ഗസ്സാലിയെ എനിക്ക് കൂടുതൽ പ്രിയപ്പെട്ടവരാക്കിയത്.

റി അധ്യാപകൻ എന്ന നിലയ്ക്കും ഞാനൊരിക്കലും ദേശീയതയെ പിന്തുണക്കുന്നില്ല. യൂറോപ്യൻ ചരിത്രം വായിക്കുമ്പോൾ ദേശീയത എന്തൊക്കെ ദുരന്തങ്ങളാണ് ഉണ്ടാക്കിയിട്ടുള്ളതെന്ന് മനസ്സിലാകും. ഒരു പ്രത്യേക ചെറുസംഘം രൂപീകരിച്ച് അതിന് വിശുദ്ധ രൂപം നൽകുകയെന്നതാണ് ദേശീയതയുടെ ലോജിക്. ആ സംഘത്തിനകത്തു തന്നെ ഒരു പാർശ്വവത്കൃതസമൂഹത്തെ ഉണ്ടാക്കുകയും അങ്ങനെ ദേശീയത അടിച്ചമർത്തലിനുള്ള ഒരംഗീകാരമായി മാറ്റുകയും ചെയ്യുന്നു. സയണിസവും നാസിസവും അറബിസവുമെല്ലാം നിങ്ങൾ സൂചിപ്പിച്ചപോലെ മതത്തെ മാറ്റിനിർത്തുകയാണ് ചെയ്തത് എന്നിടത്താണ് അപകടം പതിയിരിക്കുന്നത്. ജനങ്ങളും വർഗവും ഭാഷയുമൊക്കെ ദൈവിക ബന്ധത്തിനുപകരം കടന്നുവരിക എന്ന ഈ പ്രതിഭാസം മതത്തിന്റെ കാഴ്ചപ്പാടിൽ നോക്കുമ്പോൾ വിഗ്രഹാരാധന( ശിർക്ക്) എന്ന പരിധിയിൽ വരെ വരാനിടയുണ്ട്.

**ജൈഹൂൻ:** നിങ്ങളുടെ എഴുത്തുകളിൽ പലപ്പോഴും ആത്മീയതയുടെ അംശം നിറഞ്ഞു കാണാറുണ്ട്. സത്യത്തിൽ ആത്മീയതയില്ലാതെ മതം എന്ന സംജ്ഞപോലും ഇല്ലതന്നെ. മതത്തെ ആത്മീയതയിൽ നിന്ന് ഹൈജാക്ക് ചെയ്യാനുള്ള ബോധപൂർവമായ ശ്രമങ്ങൾ ഇന്ന് നടക്കുകയും മുസ്‌ലിംകളടക്കമുള്ള എല്ലാ സമൂഹങ്ങളെയും അത് ബാധിക്കുകയും ചെയ്തു എന്നു നിങ്ങൾ കരുതുന്നുണ്ടോ?

**വെയ്സ്മാൻ:** തീർച്ചയായും. ഇന്ന് ലോകവ്യാപകമായി, രാഷ്ട്രീയ ലക്ഷ്യങ്ങൾക്കു വേണ്ടി മതത്തെ കൂട്ടുപിടിക്കുന്ന ഒരുപാട് മൂവ്മെന്റുകൾ നമുക്കു കാണാം. പക്ഷേ, അത് വെറുമൊരു വർത്തമാനകാല അസുഖം മാത്രമല്ല, മറിച്ച്, മതത്തിന്റെ ദൗർഭാഗ്യകരമായ ഒരനന്തരഫലം കൂടിയാണ്. ചിലർ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കിടയിൽ എത്ര തന്ത്രപൂർവമാണ് ദൈവത്തെ തിരുകിക്കയറ്റാറുള്ളത്. രാഷ്ട്രീയ നേതാക്കളെല്ലാം അൽപനേരമെങ്കിലും സ്വന്തം ആത്മാവിനൊപ്പം ചെലവഴിക്കാൻ തയ്യാറാണെങ്കിൽ വ്യത്യസ്തമായ ഫലങ്ങൾ ഉണ്ടാകുമെന്നത് തീർച്ചയാണ്, പക്ഷേ, അവരത് ചെയ്യില്ല എന്നതാണ് സത്യം. ഒരു ധാർമിക രാഷ്ട്രീയം സൃഷ്ടിക്കാൻ ഉദ്ദേശിക്കുകയാണെങ്കിൽ സ്വന്തം മുൻവിധികളും വൈകല്യങ്ങളും കഴിവുകളും തിരിച്ചറിയാനാവുന്ന വിധത്തിൽ ആഴത്തിലുള്ള ഒരാത്മപരിശോധന നടത്തുക അനിവാര്യമാണ്. ആത്മീയത എന്നതിലപ്പുറം വ്യക്തമായ സൈക്കോളജി കൂടിയാണത്. നമ്മളാരാണെന്നും എന്തിനാണെന്നുമുള്ള തിരിച്ചറിവ് വരുന്നതോടെ നമ്മുടെ കവിതകളിലും കലകളിലും സകലപ്രവൃത്തികളിലും, വിശേഷിച്ച് മറ്റുള്ളവരുമായുള്ള സംവേദനങ്ങളിലും ആത്മീയതയുടെ അംശം നമുക്ക് കണ്ടെത്താൻ സാധിക്കുന്നതാണ്.

**ജൈഹൂൻ:** നിങ്ങളുടെ ട്വിറ്റർ ടൈംലൈനിൽ പലപ്പോഴും ഇസ്‌ലാമിന്റെ ബൗദ്ധികതയുടെ രണ്ടു പ്രതീകങ്ങളായ ഇമാം ശാഫി(റ), ഇമാം ഗസ്സാലി(റ) എന്നിവരുടെ ഉദ്ധരണികൾ കാണാറുണ്ട്. ഇസ്‌ലാമിക കർമശാസ്ത്രം,തസ്വവ്വുഫ് എന്നീ രണ്ട് ധാരകളിൽ പ്രാഗത്ഭ്യം തെളിയിച്ച ഈ രണ്ടു പേരിൽ നിങ്ങളെ ആകർഷിച്ച ഘടകങ്ങൾ എന്തൊക്കെയാണ്?

**വെയ്സ്മാൻ:** വളരെ നല്ലൊരു ചോദ്യം. ജൂതമത ട്രെയിനിംഗുകളുടെ ഭാഗമായി മതനിയമങ്ങൾ പലപ്പോഴും ആഴത്തിൽ പഠിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഇമാം ശാഫിയിൽ തർക്കശാസ്ത്രത്തിന്റെയും നിയമത്തിന്റെയും ആഴങ്ങളറിഞ്ഞ ഒരാളെ കാണാവുന്നതാണ്. എനിക്കു വല്ലതും നേടാനില്ലെന്ന് തോന്നുന്ന ഒരാളോടും ഞാൻ സംവാദത്തിന് മുതിരാറില്ല എന്ന അദ്ദേഹത്തിന്റെ വാക്കുകൾ പ്രസിദ്ധമാണ്. തസ്വവ്വുഫിലെ എന്റെ താത്പര്യമാണ് ഇമാം ഗസ്സാലിയെ എനിക്ക് കൂടുതൽ പ്രിയപ്പെട്ടവരാക്കിയത്. മതത്തിന്റെ ആന്തരികാർഥങ്ങളായ ആത്മീയ ചിന്തകളെ അദ്ദേഹം യുക്തിപൂർവം അവതരിപ്പിക്കുകയുണ്ടായി. മതത്തിന് ആന്തരികാർഥവും ബാഹ്യാർഥവുമുണ്ട്. ഇമാം ശാഫി ബാഹ്യാർഥമായ കർമശാസ്ത്രത്തെയും ഇമാം ഗസ്സാലി ആന്തരികാർഥമായ തസ്വവ്വുഫിനെയും ജീവിപ്പിച്ചവരാണ്. ഇമാം ഗസ്സാലിയെപ്പോലെ ജൂതമതത്തിനകത്തു നിന്ന് സംവദിച്ച മഹാത്മാവായിരുന്നു റാബി മോശെ (Rabbi Moshe).

**ജൈഹൂൻ:** തമിഴ്നാട്ടിലെ പി.എച്ച്.ഡി കാലത്ത് പലപ്പോഴും കേരളം സന്ദർശിച്ചുവെന്ന് പറഞ്ഞല്ലോ. വലിയ ജൂത പാരമ്പര്യമുള്ള കൊച്ചിയിലെ ജൂതത്തെരുവും ജൂതമലയാളമെന്ന ഭാഷാരൂപവുമടക്കമുള്ള ഓർമകൾ, ഒരുപാട് ലോക സംസ്കാരങ്ങളുടെ കേന്ദ്രമായ കൊച്ചിയിലെ മതസൗഹാർദാനുഭവങ്ങൾ?

**വെയ്സ്മാൻ:** ഒരു ജൂതനെന്ന നിലയ്ക്ക് ജൂതത്തെരുവെന്ന പേരിലുള്ള ഒരു തെരുവ് തന്നെ വലിയ അത്ഭുതമായിരുന്നു എനിക്ക്. എന്നെ കണ്ടപ്പോൾ തന്നെ നിങ്ങളുടെ സിനഗോഗ് അവിടെയാണെന്ന് ആവേശപൂർവം ചൂണ്ടിക്കാണിച്ചു തന്ന അവിടുത്തെ ജനങ്ങൾ എന്നെ അത്ഭുതപ്പെടുത്തി.

നിങ്ങൾ സൂചിപ്പിച്ച ജൂതമലയാളമെന്ന ഭാഷ പാടിക്കേൾക്കുമ്പോൾ അതിമനോഹരമായിരുന്നു. കേരളത്തിലെ ജൂതരാജാവായിരുന്ന ജോസഫ് റബാനെ കുറിച്ചുള്ളതായിരുന്നു ആ ഗാനങ്ങളിൽ ചിലത്. സൗത്തിന്ത്യയിൽ ഒരു ജൂതഭരണം ഉണ്ടായിരുന്നു എന്നതുപോലും പലർക്കും അറിവില്ലാത്ത കാര്യമാണ്. തമിഴും സംസ്കൃതവും കൂടിച്ചേർന്ന 'മണിപ്രവാളം' പോലെ ജൂതപശ്ചാത്തലത്തിലുള്ള ഹീബ്രു, അരാമിക് ഭാഷകൾ ചേർന്നുള്ള ഗാനങ്ങളാണവ. ഇന്ന് ഇസ്റായേലിൽ പോലും കൊച്ചിയിലെ ആചാരങ്ങൾ അടിസ്ഥാനപ്പെടുത്തിയുള്ള കൊച്ചിനി സിനഗോഗുകൾ പ്രവർത്തിക്കുന്നതു കാണാം. 30 വർഷങ്ങൾക്കു മുമ്പ് ഞാൻ കേരളം സന്ദർശിച്ച സമയത്ത് അനുഭവിച്ച ഇന്റലക്ചൽ കൾച്ചറും, രാഷ്ട്രീയവും മതവും മറ്റെല്ലാം ഒരുപോലെ സംസാരിച്ചിരുന്ന അവിടുത്തെ വിദ്യാർഥികളും അത്ഭുതമായിരുന്നു. സിനഗോഗിൽ നിന്ന് പുറത്തിറങ്ങുമ്പോൾ മറ്റെല്ലാ മതക്കാരും ചേർന്ന് ആശീർവദിക്കുന്ന കാഴ്ച ലോകത്ത് വേറെയെവിടെയും ഉണ്ടാകാനിടയില്ലാത്തതും ഞാൻ അനുഭവിച്ചിട്ടില്ലാത്തതുമാണ്.

**ജൈഹൂൻ:** യൂറോപ്പിലെ ജൂതസമൂഹം ഹിറ്റ്ലർക്കു കീഴിൽ അനുഭവിച്ച ഹോളോകോസ്റ്റ് മാനുഷിക ചരിത്രത്തിലെ തന്നെ കറുത്ത അധ്യായമാണല്ലോ. ഇന്ത്യയിലെ നിലവിലെ മുസ്‌ലിം സമൂഹത്തിന്റെ അവസ്ഥയും സമാനമാണ്. നിങ്ങളുടെ ട്വീറ്റുകളിൽ പലപ്പോഴും ഇന്ത്യൻ മുസ്‌ലിംകൾക്കു വേണ്ടിയുള്ള പ്രാർഥനകൾ കണ്ടതുമാണ്. എന്തു പറയുന്നു?

**വെയ്സ്മാൻ:** ഇന്ത്യയിലെ മുസ്‌ലിംകൾ മറ്റെല്ലാവരെയും പോലെത്തന്നെ ആ സംസ്കാരത്തിന്റെ ഭാഗമാണ്. ഒരു വൃത്തികെട്ട പ്രത്യയശാസ്ത്രത്തിന്റെ പേരിൽ അവരെ അപരവത്കരിക്കുന്നത് എത്രമാത്രം ഭീകരമാണ്. 30 വർഷം മുമ്പ് ഞാൻ അനുഭവിച്ച ഇന്ത്യ ഇത്തരത്തിൽ ആയിത്തീരുമെന്ന് ഒരിക്കലും പ്രതീക്ഷിച്ചതല്ല. ഇന്ത്യയിലെ എന്റെ മുസ്‌ലിം സഹോദരങ്ങൾക്ക് നന്മ ആശംസിക്കട്ടെ. ഇയ്യിടെ ചിലർ മഹാത്മാഗാന്ധിയുടെ ഘാതകന് വേണ്ടി ഇന്ത്യയിൽ ആശ്രമം നിർമിച്ചുവെന്ന വാർത്ത കണ്ടിരുന്നു. ഒരിക്കലും ആ വാർത്ത സത്യമാണെന്ന് വിശ്വസിക്കാൻ എനിക്കാകുമായിരുന്നില്ല. അഹിംസയെന്ന വലിയ ഒരാശയത്തിലൂടെ മാതൃകയാവും വിധം പല സമരങ്ങൾക്കും നേതൃത്വം നൽകിയ ഒരാളുടെ ഓർമകളെ ഇത്തരുണത്തിൽ അപകീർത്തിപ്പെടുത്തുക എന്നത് എത്ര മോശമാണ്. ഇന്ത്യയിലെ മുസ്‌ലിംകളുടെ മനോഹരമായ ഒരുദാഹരണം മാപ്പിള മുസ്‌ലിംകൾ തന്നെയാണ്. മറ്റെല്ലാ ആൾക്കാരെക്കാളുപരി മാപ്പിള മുസ്‌ലിംകളെ കേരളത്തിന് ആവശ്യമാണെന്നത് ഒരു വസ്തുതയാണ്. രാഷ്ട്രീയ ലക്ഷ്യങ്ങൾക്കപ്പുറം വിശാലമായ വേൾഡ് വ്യൂ വച്ചുപുലർത്തിയ, ധാർമിക നേതൃത്വം വഹിച്ച സയ്യിദ് മുഹമ്മദലി ശിഹാബിനെ പോലുള്ളവരെ 'സ്ലോഗൺസ് ഓഫ് ദി സേജ്' എന്ന ഗ്രന്ഥത്തിലൂടെ അടുത്തറിഞ്ഞപ്പോഴും ഞാൻ മനസ്സിലാക്കിയ കാര്യമതാണ്.

**ജൈഹൂൻ:** ഇന്റർഫെയ്ത്ത് ആക്റ്റിവിസം ഒരിക്കലും ഒരു എളുപ്പ ജോലിയല്ല. മറ്റൊരാളെ സ്നേഹിക്കാനും സ്നേഹം പ്രബോധനം ചെയ്യാനും നല്ല മനോധൈര്യവും കരുത്തും ആവശ്യമാണല്ലോ. മറ്റൊരാളെ വെറുക്കുക എന്നതാണെങ്കിൽ ഏറെ ലളിതമായ ജോലിയുമാണ്. അതുകൊണ്ടുതന്നെ നിങ്ങളുടെ സഹിഷ്ണുത, സ്നേഹം, കഠിനാധ്വാനം എന്നിവയെ പ്രശംസിക്കുന്നവരെന്ന പോലെതന്നെ നിങ്ങളുടെ മതത്തിനകത്തു നിന്നും മറ്റുള്ളവരിൽ നിന്നും നിങ്ങളുടെ ഉദ്ദ്യേശശുദ്ധിയെ ചോദ്യം ചെയ്യുന്നവരും ഉണ്ടാകുമെന്നതു തീർച്ചയാണ്. അപ്പോൾ ഒരു ഇൻറർഫെയ്ത്ത് ആക്റ്റിവിസ്റ്റ് ആവുകയെന്നാൽ എന്താണെന്ന് ഒന്ന് ചുരുക്കി വിവരിക്കാമോ?

**വെയ്സ്മാൻ:** എതിർസ്വരങ്ങൾ സ്വാഭാവികമാണ്, രണ്ടു ഭാഗത്തുനിന്നും. പക്ഷേ, അപ്പോഴൊക്കെ എനിക്കു ലഭിച്ച നന്മയോട് അവയെ താരതമ്യം ചെയ്യാറാണ് പതിവ്. അപ്പോഴൊക്കെ നഷ്ടങ്ങളെക്കാളേറെ ലാഭങ്ങളാവും. എനിക്കറിയാവുന്ന മറ്റു ആളുകളെക്കാളേറെ അതിമനോഹരമായ ലോകത്താണ് ഞാൻ ജീവിക്കുന്നത്. കാരണം, സൗഹൃദങ്ങൾ മാത്രമുള്ള ലോകത്താണ് ഞാൻ, ഇപ്പോഴല്ലെങ്കിൽ വഴിയെ അവരൊക്കെ എന്റെ സൗഹൃദവലയത്തിലേക്ക് കടന്നുവരും. ഹൃദയംകൊണ്ട് സംവേദനം ചെയ്യുക എന്നതാണ് പ്രധാനം. 'തോറ'യിൽ മനുഷ്യൻ ദൈവത്തിന്റെ രൂപത്തിലാണെന്നു കാണാം. മുസ്‌ലിം വിശ്വാസപ്രകാരം വിവാദപരമായ ഒരു പ്രസ്താവനയാണത്. അതിന്റെ ശരിതെറ്റുകൾക്കപ്പുറത്ത് മനുഷ്യൻ ആദരിക്കപ്പെടേണ്ടവനാണ് എന്ന പോയിൻറാണ് ഇവിടെ ഞാൻ ചൂണ്ടിക്കാട്ടുന്നത്. ആയതിനാൽ ജനങ്ങൾക്കു ചുറ്റും ആവുമ്പോഴൊക്കെ കൂടുതൽ ആനന്ദം എനിക്കു ലഭിക്കുന്നു. എതിർശബ്ദങ്ങൾ ഉണ്ടാവുകയെന്നത് ശരിയാണ്. ജീവിതം ഒരു പോരാട്ടമാണല്ലോ, അതും നന്മയ്ക്കു വേണ്ടിയുള്ള പോരാട്ടം.

**ഇന്ത്യയിലെ മുസ്‌ലിംകൾ മറ്റെല്ലാവരെയും പോലെത്തന്നെ ആ സംസ്കാരത്തിന്റെ ഭാഗമാണ്. ഒരു വൃത്തികെട്ട പ്രത്യയശാസ്ത്രത്തിന്റെ പേരിൽ അവരെ അപരവത്കരിക്കുന്നത് എത്രമാത്രം ഭീകരമാണ്. 30 വർഷം മുമ്പ് ഞാൻ അനുഭവിച്ച ഇന്ത്യ ഇത്തരത്തിൽ ആയിത്തീരുമെന്ന് ഒരിക്കലും പ്രതീക്ഷിച്ചതല്ല. ഇന്ത്യയിലെ എന്റെ മുസ്‌ലിം സഹോദരങ്ങൾക്ക് നന്മ ആശംസിക്കട്ടെ. ഇയ്യിടെ ചിലർ മഹാത്മാഗാന്ധിയുടെ ഘാതകന് വേണ്ടി ഇന്ത്യയിൽ ആശ്രമം നിർമിച്ചുവെന്ന വാർത്ത കണ്ടിരുന്നു. ഒരിക്കലും ആ വാർത്ത സത്യമാണെന്ന് വിശ്വസിക്കാൻ എനിക്കാകുമായിരുന്നില്ല.**